**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2472** **07-07-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രസ്തുത വായ്പ അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ പ്രത്യക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ കൊടുത്തിരിക്കുന്നു:<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:<br><br>1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ<br><br>ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്പ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്. ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.<br><br>2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ<br><br>നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാകാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 |

| | | | |
|---|---|---|---|
| | | | ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75%(floating) പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്.<br><br>കൂടാതെ, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ദ്രവ്യ ലാഭം നേടുന്ന പബ്ലിക്, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, സംസ്ഥാന, കേന്ദ്ര സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങളുമായി സംരംഭകർ നടത്തുന്ന യഥാർത്ഥ വ്യാപാര ഇടപാടുകളിൽ നിന്ന് ഉണ്ടാകുന്ന ബില്ലുകൾ വാങ്ങുന്നതിനും കിഴിവ് ചെയ്യുന്നതിനും ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പിലാക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ച സാധുവായ കരാറുകൾ വിതരണക്കാരൻ/കരാറുകാരൻ ഇതിനകം തന്നെ ആരംഭിക്കുകയും സർക്കാരിന്റെ വിജ്ഞാപന ബജറ്റ് വിഹിതം വഴി പദ്ധതിക്ക് ധനസഹായം നൽകുകയും ചെയ്താൽ അവർക്കും ഈ പദ്ധതി ബാധകമാണ്. പ്രസ്തുത സ്കീം മുഖേന നൽകുന്ന ധനസഹായം കോൺട്രാക്ട് / വാങ്ങപ്പെട്ട തുകയുടെ 80% മായി (ചുരുങ്ങിയത് 2 കോടി മുതൽ), മാത്രമല്ല ഒറ്റത്തവണ പരമാവധി 5 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത് ആകർഷകമായ പലിശ നിരക്കിൽ 100% വരെ ലഭ്യമാക്കാവുന്നതാണ്. ഇത് 1 വർഷത്തിനുള്ളിൽ അല്ലെങ്കിൽ ബില്ലിന്റെ കാലാവധി പൂർത്തിയാകുന്ന തീയതി ഏതാണോ ആദ്യം അന്നേ ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ നൽകുന്ന പ്രോമിസറി നോട്ടുകൾക്കെതിരെയാണ് ധനസഹായം നൽകുന്നത്. കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക് ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/ സംസ്ഥാനത്തെ ഏജൻസികൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60% സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി 3 വർഷമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തുക വായ്പയായി നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച വായ്പയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു**.** |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (സി) | ചെറുകിട സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ പ്രത്യക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ കൊടുത്തിരിക്കുന്നു:<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:<br><br>1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ<br><br>ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്പ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്. ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.<br><br>2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ<br><br>നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാകാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75%(floating) പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്.<br><br>കൂടാതെ, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ദ്രവ്യ ലാഭം നേടുന്ന പബ്ലിക്, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, സംസ്ഥാന, കേന്ദ്ര സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങളുമായി സംരംഭകർ നടത്തുന്ന യഥാർത്ഥ വ്യാപാര ഇടപാടുകളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്ന ബില്ലുകൾ വാങ്ങുന്നതിനും കിഴിവ് ചെയ്യുന്നതിനും ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പിലാക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ച സാധുവായ കരാറുകൾ വിതരണക്കാരൻ/കരാറുകാരൻ ഇതിനകം തന്നെ ആരംഭിക്കുകയും സർക്കാരിന്റെ വിജ്ഞാപന ബജറ്റ് വിഹിതം വഴി പദ്ധതിക്ക് ധനസഹായം നൽകുകയും ചെയ്താൽ അവർക്കും ഈ പദ്ധതി ബാധകമാണ്. പ്രസ്തുത സ്കീം മുഖേന നൽകുന്ന ധനസഹായം കോൺട്രാക്ട് / വാങ്ങപ്പെട്ട തുകയുടെ 80% മായി (ചുരുങ്ങിയത് 2 കോടി മുതൽ), മാത്രമല്ല ഒറ്റത്തവണ പരമാവധി 5 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത് ആകർഷകമായ പലിശ നിരക്കിൽ 100% വരെ ലഭ്യമാക്കാവുന്നതാണ്. ഇത് 1 വർഷത്തിനുള്ളിൽ അല്ലെങ്കിൽ ബില്ലിന്റെ കാലാവധി പൂർത്തിയാകുന്ന തീയതി ഏതാണോ ആദ്യം അന്നേ ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ നൽകുന്ന പ്രോമിസറി നോട്ടുകൾക്കെതിരെയാണ് ധനസഹായം നൽകുന്നത്. കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക് ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/ സംസ്ഥാനത്തെ ഏജൻസികൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60% സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി 3 വർഷമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | അനുമതി തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 195.00 |
| തിരുവനന്തപുരം | 60.00 |
| പത്തനംതിട്ട | 200.00 |
| കണ്ണൂർ | 100.00 |
| തിരുവനന്തപുരം | 70.00 |
| കോട്ടയം | 63.00 |
| തിരുവനന്തപുരം | 80.00 |
| ആലപ്പുഴ | 200.00 |
| ആലപ്പുഴ | 50.00 |
| പാലക്കാട് | 200.00 |
| കൊല്ലം | 200.00 |
| തിരുവനന്തപുരം | 192.00 |
| കൊല്ലം | 115.00 |
| പാലക്കാട് | 165.00 |
| തിരുവനന്തപുരം | 200.00 |
| എറണാകുളം | 134.50 |
| പാലക്കാട് | 80.00 |
| പാലക്കാട് | 200.00 |
| കോഴിക്കോട് | 190.00 |
| ആലപ്പുഴ | 160.00 |
| തൃശ്ശൂർ | 132.00 |
| തൃശ്ശൂർ | 130.00 |
| കോട്ടയം | 150.00 |
| ആകെ തുക | **3266.5** |

സെക്ഷൻ ഓഫീസർ